ശ്രീ. ടി. എസ്. ജോൺ: ബഹുമാനപ്പെട്ട മെമ്പർ ആ പ്രസ്താവന ശരിക്ക് വായിക്കാത്തതുകൊണ്ടാണ് അങ്ങനെ തോന്നിയത്. ഇപ്പോഴും പറഞ്ഞതു മാത്രമേ അന്നും പറഞ്ഞിട്ടുള്ളു.

ശ്രീ. ഇ. പി. ഗോപാലൻ: കേന്ദ്രഗവൺമെന്റും നെല്ലിന്റെ താങ്ങുവില ഇപ്പോഴും അല്പം വർദ്ധിപ്പിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ സപ്പോർട്ട് പ്രൈസ് കമ്മീഷനു 150 രൂപ എന്നു നിശ്ചയിക്കുവാൻ വല്ല ആലോചനയുമുണ്ടോ?

ശ്രീ. ടി. എസ്. ജോൺ: കൃഷിക്കാരുടെ നിവേദനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതാണ് 150 രൂപയായി വർദ്ധിപ്പിക്കണമെന്നുള്ളത്. പക്ഷേ സാമ്പത്തികമായി കണക്കുകൂട്ടുമ്പോൾ വളരെയധികം തുക വേണ്ടതുകൊണ്ട് 150 രൂപയായി വർദ്ധിപ്പിക്കുവാൻ നിവൃത്തിയില്ലെങ്കിലും ഇപ്പോഴുള്ളതിനെക്കാൾ അല്പംകൂടി വർദ്ധിപ്പിക്കാമെന്നുള്ളതിനു സംശയമില്ല.

ശ്രീ. കെ. സുകുമാരനുണ്ണി: കൃഷിക്കാരെ സഹായിക്കുവാൻ ഏർപ്പെടുത്തിയ താങ്ങുവില കഴിഞ്ഞകൊല്ലം ഒരു നാശമായി കൃഷിക്കാരനു സംഭവിച്ചു. ഇപ്പോൾ കൃഷിക്കാരുടെ ഭവനങ്ങളിൽനിന്നും നേരിട്ട് ഏറ്റെടുക്കുവാൻ ഏർപ്പാടുണ്ടാക്കുമെന്നു പറഞ്ഞു. എന്നാൽ അത് സഹകരണ സംഘങ്ങളിൽക്കൂടി സ്വീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എസ്. ജോൺ: ഇതിനെസംബന്ധിച്ച് ചർച്ച നടത്തി വേണ്ട തീരുമാനം സ്വീകരിക്കുന്നതാണ്. കൃഷിക്കാരുടെ പ്രതിനിധികളുമായി ചർച്ച നടത്തി സഹകരണസംഘങ്ങൾ വഴിയാണോ നേരിട്ടാണോ ശേഖരിക്കേണ്ടതെന്ന് തീരുമാനിക്കുന്നതാണ്.

ശ്രീ. പി. ജെ. ജോസഫ്: കഴിഞ്ഞകൊല്ലം താങ്ങുവിലയായി 5 കോടി രൂപയോളം വകയിരുത്തിയെങ്കിലും ഒരുകോടി രൂപയിൽ താഴെ മാത്രമാണ് അതിനുവേണ്ടി ചെലവാക്കിയിട്ടുള്ളതെന്നുള്ളതു പരിഗണിച്ച് ഇന്നുള്ളതിനെക്കാൾ അധികമായ അളവു കൃഷിക്കാരിൽനിന്നു എടുത്താലും ഉദ്ദേശിച്ച തുകയിൽ ഒതുങ്ങുമെന്നുള്ളതുകൊണ്ട് ഓരോ കൃഷിക്കാരിൽനിന്നും ഏക്കറിന് 2 ക്വിന്റൽ എന്നുള്ളത് വർദ്ധിപ്പിക്കുവാൻവേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എസ്. ജോൺ: തീർച്ചയായും സ്വീകരിക്കുന്നതാണ്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

സംസ്ഥാന ഗവൺമെന്റിന്റെ കടബാദ്ധ്യത

* 28 [30] ശ്രീ. എം. പി. ഗംഗാധരൻ:

,, എ. എ. റഹിം:

,, വി. ഈച്ചരൻ:

,, തെന്നല ബാലകൃഷ്ണപിള്ള:

,, പി. ജെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രഗവൺമെന്റിലേക്ക് ഈ സംസ്ഥാനത്തിന് കടബാദ്ധ്യത ഉണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എത്ര;

(സി) ഈ തുക കൊടുക്കാൻ എന്തു നടപടി സ്വീകരിച്ചു?

ധനകാര്യ വകുപ്പ് മന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ):

(എ) ഉണ്ട്.

(ബി) 31-3-1979 വരെ 535.68 കോടി രൂപ.

(സി) വായ്പകളെല്ലാം നൽകിയിരിക്കുന്നത് ചില പ്രത്യേക വ്യവസ്ഥകളിൻമേലാണ്. ഓരോ വായ്പയും തിരിച്ചടയ്ക്കുന്നത് ഈ വ്യവസ്ഥകൾ അനുസരിച്ചാണ്. ഓരോ വർഷവും തിരിച്ചടയ്ക്കേണ്ട തുക ബഡ്ജറ്റിൽ വകകൊള്ളിക്കുകയും വായ്പ തിരിച്ചടയ്ക്കേണ്ട തീയതികളിൽ ആ തുക സംസ്ഥാന ഗവൺമെൻറിന്റെ അംഗീകാരത്തോടെ അക്കൗണ്ടൻറ് ജനറൽ കേന്ദ്രസർക്കാരിന്റെ കണക്കിലേക്ക് വക മാറ്റിക്കൊടുക്കുകയുമാണ് ചെയ്തുവരുന്നത്. കേന്ദ്രഗവൺമെൻറിലേക്കുള്ള കടബാദ്ധ്യത തീർക്കുന്നതിന് പ്രത്യേക സംവിധാനമൊന്നും സംസ്ഥാന ഗവൺമെൻറ് ഉണ്ടാക്കിയിട്ടില്ല.

വിശേഷാവസരങ്ങളിലെ റേഷൻ വർദ്ധനവ്

* 29 [31] ശ്രീ. കെ. പി. രാമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുന്നാൾ, ഓണം എന്നീ വിശേഷദിവസങ്ങൾ പ്രമാണിച്ച് അരി, പഞ്ചസാര എന്നീ സാധനങ്ങൾ റേഷൻഷാപ്പു മുഖേന വിതരണം ചെയ്യുന്നത് വർദ്ധിപ്പിക്കുകയുണ്ടായോ;

(ബി) എങ്കിൽ എത്ര?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പ് മന്ത്രി (ശ്രീ. ടി. എസ്. ജോൺ):

(എ) അരിയുടെ വിഹിതം വർദ്ധിപ്പിക്കുകയുണ്ടായി. റേഷൻഷാപ്പുകൾ മുഖേന ഇപ്പോൾ പഞ്ചസാര വിതരണംചെയ്യുന്നില്ല.

(ബി) 1979 ആഗസ്റ്റ് 19-ൽ തുടങ്ങി സെപ്തംബർ 1-ന് അവസാനിക്കുന്ന രണ്ടാഴ്ചകളിൽ ദിവസേന മുതിർന്ന ഒരാൾക്ക് 320 ഗ്രാം അരി എന്ന റേഷൻ തോതിന് പുറമെ നാലു കിലോ അരി വീതം റേഷൻകാർഡൊന്നിന് റംസാനും, ഓണവും പ്രമാണിച്ച് വിതരണംചെയ്യുകയുണ്ടായി.

സർവ്വീസ് സഹകരണസംഘം, ബാങ്കുകൾ എന്നിവയിലെ നിയമനങ്ങൾ

* 30 [32] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസ് സഹകരണസംഘം, ബാങ്കുകൾ എന്നിവയിലെ നിയമനങ്ങൾ ഇപ്പോൾ ആരാണ് നടത്തിവരുന്നത്;

(ബി) ഈ നിയമനങ്ങളിൽ അപാകതയുള്ളതായി ഗവൺമെൻറിന് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) ഇത്തരം സ്ഥാപനങ്ങളിലെ നിയമനം നടത്തുവാൻ ഒരു കമ്മീഷനെ ചുമതലപ്പെടുത്തുവാൻ ഗവൺമെൻറ് തയ്യാറാവുമോ?

LIBRARY ARCHIVES Kerala Legislative Assembly